## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *299 | 21-08-2017-ൽ മറുപടിയ്ക്ക്

## നെൽകൃഷി വികസനവും കർഷകർക്കുള്ള സാമ്പത്തിക സഹായവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നെല്ലിന് ലാഭകരമായ വില ലഭിക്കുന്നതിനും ഉതകുന്നവിധത്തിൽ കർഷകർക്ക് സാമ്പത്തികസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നെല്ലിന് ലാഭകരമായ വില ലഭിക്കുന്നതിനും 2017-18 വർഷത്തിൽ ചുവടെ പറയുന്ന ഘടകങ്ങളിലൂടെ നെൽകൃഷി വ്യാപനത്തിനായി പദ്ധതികൾ നടപ്പാക്കുന്നുണ്ട്.<br>1) സുസ്ഥിര നെൽകൃഷി<br>2) വികസന ഏജൻസികൾക്കുള്ള ഫണ്ട്<br>3) പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം<br>4) പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി<br>5) കരനെൽകൃഷി വികസനം<br>6) തരിശുനില കൃഷി<br>7) ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി<br>8) പദ്ധതിയധിഷ്ഠിത ധനസഹായം<br>9) നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം<br>10) ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം<br>11) റൈസ് മില്ലുകൾ സ്ഥാപിക്കൽ<br><br>സപ്ലൈകോ മുഖാന്തിരം കേരളത്തിലെ നെൽകർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്ക് അനുസൃതമായി കർഷകർക്ക് ന്യായവില നൽകിക്കൊണ്ട് സംഭരിക്കുന്നു. 2017-18 സീസണിൽ കിലോഗ്രാമിന് 23.30 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. വില കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകും. സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് PRS ലഭ്യമാക്കുന്ന ഉടൻ തന്നെ ലഭ്യമാക്കുന്നതിനായി ബാങ്കുകളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നെൽകൃഷി വികസനപരിപാടി മുൻനിർത്തി പാടശേഖര സമിതികളുടെ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പാടശേഖര സമിതികളുടെ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് നെൽവർഷാചരണ പരിപാടികൾ, പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി, ബ്ലോക്ക്തലത്തിൽ പദ്ധതി സംയോജനം എന്നീ ഘടകങ്ങൾ നടപ്പാക്കുന്നു. (വിശദീകരണക്കുറിപ്പ് കണ്ടാലും). |
| (സി) | നെൽകൃഷി ചെയ്യുന്ന പ്രദേശങ്ങളെ പ്രത്യേക കാർഷിക മേഖലയാക്കി തരംതിരിച്ച് കൂടുതൽ ശ്രദ്ധ കൊടുക്കുന്നതിന് നടപടി കൈക്കൊള്ളുമോ? | (സി) | 2017-18 വർഷം നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉത്പാദന വർദ്ധനവിന് സാധ്യതയുള്ളതുമായ പ്രദേശങ്ങളായ കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, വയനാട്, കായ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച പ്രത്യേക കാർഷിക മേഖല (Special Agricultural Zone) ആയി പ്രഖ്യാപിച്ച് അതിൽപ്പെടുത്തി നെൽകർഷകർക്ക് ഉപയുക്തമാംവിധം പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ